# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2020 ജൂലൈ 21

# വാർത്താക്കുറിപ്പ്

## എം.ജി.യിൽ ബിരുദ പ്രവേശനം; ഏകജാലക ഓൺലൈൻ രജിസ്ട്രേഷൻ ജൂലൈ 28 മുതൽ

മഹാത്മാഗാന്ധി സർവകലാശാലയ്ക്കു കീഴിലുള്ള അഫിലിയേറ്റഡ് കോളജുകളിലെ ബിരുദ പ്രോഗ്രാമുകളിലേക്ക് ഏകജാലകം വഴിയുള്ള (ക്യാപ്) പ്രവേശനത്തിനായി ഓൺലൈൻ രജിസ്ട്രേഷൻ ജൂലൈ 28ന് ഉച്ചകഴിഞ്ഞ് രണ്ടിന് ആരംഭിക്കും. സർവകലാശാലയുടെ www.cap.mgu.ac.in എന്ന വെബ്സൈറ്റിലൂടെയാണ് രജിസ്ട്രേഷൻ നടത്തേണ്ടത്. കോവിഡ് 19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ പ്രവേശന പ്രക്രിയ പൂർണമായി ഓൺലൈനിലാണ്. അപേക്ഷകൻ ഫോട്ടോ, ഒപ്പ്, മറ്റു രേഖകൾ, സാക്ഷ്യപത്രങ്ങൾ എന്നിവയുടെ ഡിജിറ്റൽ പകർപ്പ് അപേക്ഷയ്ക്കൊപ്പം അപ്‌ലോഡ് ചെയ്യണം.

മാനേജ്മെന്റ്, കമ്മ്യൂണിറ്റി, ഭിന്നശേഷി-സ്പോർട്സ്-കൾച്ചറൽ ക്വാട്ട വിഭാഗങ്ങളിലേക്കുള്ള പ്രവേശനത്തിന് ഏകജാലകം വഴി രജിസ്റ്റർ ചെയ്യണം. മാനേജ്മെന്റ്, കമ്മ്യൂണിറ്റി വിഭാഗം സീറ്റിലേക്ക് അപേക്ഷിക്കുന്നവർ ഏകജാലകത്തിലൂടെ നൽകിയ ഓൺലൈൻ അപേക്ഷയുടെ പകർപ്പ് അതതു കോളജിൽ നൽകണം. ലക്ഷദ്വീപിൽനിന്നുള്ളവർ ഓൺലൈനായി അപേക്ഷിച്ച ശേഷം പകർപ്പ് അതതു കോളജിൽ നൽകണം. ഏകജാലകത്തിലൂടെ അപേക്ഷിക്കാത്തവർക്ക് മാനേജ്മെന്റ്, കമ്മ്യൂണിറ്റി ക്വാട്ടയിലേക്ക് അപേക്ഷിക്കാനാവില്ല. ഭിന്നശേഷി-സ്പോർട്സ്-കൾച്ചറൽ ക്വാട്ടയിലേക്ക് പ്രൊവിഷണൽ റാങ്ക് പട്ടിക സർവകലാശാല പ്രസിദ്ധീകരിക്കും. രേഖകളുടെ പരിശോധന അതതു കോളജുകളിൽ ഓൺലൈനായി നടത്തും. എസ്.സി., എസ്.ടി. വിഭാഗത്തിന് 375 രൂപയും മറ്റുള്ളവർക്ക് 750 രൂപയുമാണ് രജിസ്ട്രേഷൻ ഫീസ്. വിശദവിവരം ക്യാപ് വെബ്സൈറ്റിൽ(www.cap.mgu.ac.in) ലഭ്യമാണ്.

(പി.ആർ.ഒ/39/751/2020)

## മഹാത്മാഗാന്ധി സർവകലാശാല പരീക്ഷ കേന്ദ്രങ്ങളിൽ മാറ്റം

മഹാത്മാഗാന്ധി സർവകലാശാല ജൂലൈ 24, 27 തീയതികളിൽ കണ്ണൂർ ജില്ലയിലെ വി.കെ. കൃഷ്ണമേനോൻ മെമ്മോറിയൽ വിമൺസ് കോളജിൽ നടത്താനിരുന്ന പരീക്ഷകൾ കണ്ണൂർ തോട്ടട ശ്രീനാരായണ ഗുരു കോളജിലേക്ക് മാറ്റി. വി.കെ. കൃഷ്ണമേനോൻ മെമ്മോറിയൽ വിമൺസ് കോളജ് കോവിഡ് കെയർ സെന്ററാക്കി മാറ്റുന്ന സാഹചര്യത്തിലാണ് പരീക്ഷ കേന്ദ്രം മാറ്റിയത്.

പത്തനംതിട്ട സ്കൂൾ ഓഫ് ടെക്നോളജി ആൻഡ് അപ്ലൈഡ് സയൻസസിൽ(സ്റ്റാസ്) ജൂലൈ 24ന് നടക്കേണ്ട പരീക്ഷകൾ കോഴഞ്ചേരി സെന്റ് തോമസ് കോളജിൽ നടത്തും. കൊടുങ്ങല്ലൂർ ശ്രീ നാരായണ ആർട്സ് ആൻഡ് സയൻസ് കോളജിൽ ജൂലൈ 24ന് നടക്കേണ്ട പരീക്ഷകൾ മാല്യങ്കര എസ്.എൻ.എം. കോളജിൽ നടക്കും. റാന്നി സെന്റ് തോമസ് കോളജിൽ നടക്കേണ്ട പി.ജി. പരീക്ഷകൾ കോഴഞ്ചേരി സെന്റ് തോമസ് കോളജിൽ നടക്കും. കുന്നുകര എം.ഇ.എസ്. കോളജിൽ ജൂലൈ 24, 27 തീയതികളിൽ നടക്കേണ്ട പരീക്ഷകൾ കുന്നുകര എം.ഇ.എസ്. കോളജ് ഓഫ് എൻജിനീയറിങ് ആൻഡ് ടെക്നോളജിയിൽ നടക്കും. കോളജുകൾ കണ്ടെയിൻമെന്റ് സോണിലായതിനാലും കോവിഡ് ഫസ്റ്റ്

ലെവൽ ട്രീറ്റ്മെന്റ് സെന്ററുകളാക്കിയതിനാലുമാണ് പരീക്ഷ കേന്ദ്രങ്ങൾ മാറ്റിയത്. വിദ്യാർഥികൾ പുതിയ പരീക്ഷ കേന്ദ്രത്തിൽ പരീക്ഷയെഴുതണം.

(പി.ആർ.ഒ/39/752/2020)

## അപേക്ഷ തീയതി നീട്ടി

അഞ്ച്, ആറ് സെമസ്റ്റർ ബി.എ./ബി.കോം.(സി.ബി.സി.എസ്.എസ്. പ്രൈവറ്റ് രജിസ്ട്രേഷൻ- 2017, 2018 അഡ്മിഷൻ ബികോം അഡീഷണൽ ഇലക്ടീവ്/2017 അഡ്മിഷൻ അഡീഷണൽ ഡിഗ്രി) പരീക്ഷയ്ക്ക് അപേക്ഷിക്കാനുള്ള തീയതി നീട്ടി. പിഴയില്ലാതെ ജൂലൈ 27 വരെയും 525 രൂപ പിഴയോടെ ജൂലൈ 29 വരെയും 1050 രൂപ സൂപ്പർ ഫൈനോടെ ഓഗസ്റ്റ് മൂന്ന് വരെയും അപേക്ഷിക്കാം.

(പി.ആർ.ഒ/39/753/2020)

## പരീക്ഷഫലം

2019 നവംബറിൽ നടന്ന അഞ്ചാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.എ. എൽ.എൽ.ബി.(ഓണേഴ്സ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓഗസ്റ്റ് മൂന്നുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/754/2020)

## പ്രാക്ടിക്കൽ/വൈവ

2020 ജൂണിൽ നടന്ന നാലാം സെമസ്റ്റർ എം.എസ് സി. ഫൈറ്റോ മെഡിക്കൽ സയൻസ് ആൻഡ് ടെക്നോളജി(2018 അഡ്മിഷൻ റഗുലർ/2015,2016,2017 അഡ്മിഷൻ സപ്ലിമെന്ററി, 2012,2013, 2014 അഡ്മിഷൻ മേഴ്സി ചാൻസ്) പരീക്ഷയുടെ പ്രാക്ടിക്കൽ, പ്രോജക്ട് അവതരണം, കോഴ്സ് വൈവ വോസി എന്നിവ ജൂലൈ 30ന് തിരുവല്ല മാർ അത്തനേഷ്യസ് കോളജ് ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/755/2020)

## പെൻഷൻകാർ ആദായനികുതി സ്റ്റേറ്റ്മെന്റ് നൽകണം

മഹാത്മാഗാന്ധി സർവകലാശാലയിലെ പെൻഷൻകാർ ഈ സാമ്പത്തിക വർഷത്തെ ആദായനികുതി ആന്റിസിപ്പേറ്ററി സ്റ്റേറ്റ്മെന്റ് ഓഗസ്റ്റ് 10നകം രജിസ്ട്രാറുടെ ഓഫീസിലോ ada8@mgu.ac.in എന്ന ഇ-മെയിലിലോ നൽകണം. സർവകലാശാല വെബ്സൈറ്റിലെ സർക്കുലേഴ്സ് എന്ന ലിങ്കിൽ ഫോം ലഭിക്കും. സേവിങ്സ് സംബന്ധിച്ച രേഖകളുടെ പകർപ്പ് സഹിതമാണ് നൽകേണ്ടത്. ഇ-മെയിലായി നൽകുന്നവർ ഒറിജിനൽ അയച്ചു നൽകണം.

(പി.ആർ.ഒ/39/756/2020)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ